**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2410** **07-07-2022 - ൽ മറുപടിയ്ക്ക്**

**ഗ്രാന്റിൽ ചെലവഴിക്കാതെ ബാക്കിയായ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിലെ ഗ്രാന്റിൽ എത്ര തുകയാണ് ചെലവഴിക്കാതെ ബാക്കിയായതെന്ന് അറിയിക്കാമോ; | (എ) | 31-03-2020 വരെയുള്ള കണക്കുകൾ, പ്രകാരം പതിനാലാം ധനകാര്യ കമ്മീഷൻ കാലയളവിൽ പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ചെലവഴിക്കാത്തതായി ആകെ 942.09 കോടി രൂപ ബാക്കിയുള്ളതായി ട്രഷറി ഡയറക്ടറും ഐ.കെ.എം -ഉം റിപ്പോർട്ട് ചെയ്തിരുന്നു. ടി തുക സംബന്ധിച്ച എ.ജി-യുടെ കണക്കുകൾ അന്ന് ലഭ്യമല്ലാതിരുന്നതിനാൽ മേൽപ്പറഞ്ഞ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 18.02.2021 തീയതിയിലെ സ.ഉ(സാധാ)നം. 1512/2021/ധന ഉത്തരവ് പ്രകാരം 942.09 കോടി രൂപ പ്രാദേശിക സർക്കാരുകൾക്ക് പുനരനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ, 2019-20 വർഷം അനുവദിച്ച തുക 2040.51 കോടി രൂപയും, ചെലവഴിച്ച തുക അക്കൗണ്ടന്റ് ജനറലിന്റെ കണക്കുപ്രകാരം 742.17 കോടി രൂപയുമാണ്. അത് പ്രകാരം, 2019-20 വർഷം ചെലവഴിക്കാത്ത തുക 1298.34 കോടി രൂപയാണ്. |
| (ബി) | പ്രസ്തുത കാലയളവിലെ ഗ്രാന്റിൽ തുക ബാക്കിയുണ്ടായിട്ടും എൽ.എസ്.ജി.ഐ. ബില്ലുകൾ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഗ്രാന്റിൽ നിന്നും പാസ്സാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുക നീക്കിയിരിപ്പ് ഉണ്ടായിരുന്നപ്പോഴാണ് പുതിയ ഗ്രാന്റിൽ നിന്നും ചെലവഴിച്ചതെന്നും എത്ര രൂപ ഇത്തരത്തിൽ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ? | (ബി) | പതിനാലാം ധനകാര്യ കമ്മീഷന്റെ അവാർഡ് കാലയളവ് 2020 മാർച്ച് 31-ന് അവസാനിച്ചു. പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് കാലയളവ് 2020-21 മുതൽ 2025-26 വരെയാണ്. ഈ കാലയളവിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പ്രോജക്ടുകളുടെ ബില്ലുകൾ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിക്കുന്ന ശീർഷകത്തിലൂടെ അധിക തുക അനുവദിച്ചാണ് നൽകുന്നത്. |

സെക്ഷൻ ഓഫീസർ